# മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്
# 'സേഫ് ലോക്ക് ഗോൾഡ് ലോൺ' അവതരിപ്പിച്ചു

കൊച്ചി: കുറഞ്ഞനിരക്കിൽ ഉപഭോക്താക്കൾക്ക് അവരുടെ സ്വർണം സുരക്ഷിതമാക്കാൻ സേഫ് ലോക്ക് ഗോൾഡ് ലോൺ പദ്ധതി അവതരിപ്പിച്ചുകൊണ്ട് ഇന്ത്യയിലെ മുൻനിര എൻബിഎഫ്സികളിലൊന്നായ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്. ഏറ്റവും കുറഞ്ഞ ലോൺ തുകയായ 100 രൂപയ്ക്ക് ഏത് തൂക്കത്തിലുമുള്ള സ്വർണം പണയം വെച്ച് ലോക്കറിന്റെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ ഉപഭോക്താക്കളെ സഹായിക്കുന്ന ഇത്തരത്തിലുള്ള ആദ്യത്തെ പദ്ധതിയാണിത്.

മിനിമം ലോൺ തുകയിൽ ഉപഭോക്താക്കൾക്ക് അവരുടെ സ്വർണം സുരക്ഷിതമാക്കാൻ കുറഞ്ഞനിരക്കിൽ സൗകര്യപ്രദവുമായ രീതിയിൽ അധിക ആനുകൂല്യം സേഫ് ലോക്ക് ഗോൾഡ് ലോൺ പദ്ധതി ഉറപ്പാക്കുന്നു. ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനുള്ള വാർഷിക ചാർജ് 300 രൂപയാണ്. പണയം വെക്കുന്ന സ്വർണാഭരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷയും ലഭ്യമായിരിക്കും. സേഫ് ലോക്കിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണത്തിന്റെ അടിസ്ഥാനത്തിൽ എപ്പോൾ വേണമെങ്കിലും ഓൺലൈനായോ ഓഫ്ലൈനായോ വായ്പയ്ക്ക് അപേക്ഷിക്കാമെന്നതും ഓഫ്ലൈനായോ ഓൺലൈനായോ ഇതു തിരിച്ചടക്കാമെന്നതും ഈ പദ്ധതിയുടെ മുഖ്യ ആകർഷമാണ്.

ഉപഭോക്താക്കളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാനാവുന്ന തരത്തിലുള്ള ഏറ്റവും നൂതന സേവനങ്ങൾ ലഭ്യമാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിങ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. സേഫ് ലോക്ക് ഗോൾഡ് ലോണിലൂടെ ഓരോ വ്യക്തിയുടേയും പക്കലുള്ള സ്വർണം സുരക്ഷിതമാക്കാനും വായ്പയുടെ അധിക നേട്ടം അവർക്കു ലഭ്യമാക്കാനുമാണു തങ്ങൾ ലക്ഷ്യമിടുന്നത്. ഇന്ത്യയിലെമ്പാടുമുള്ള സാധാരണക്കാർക്ക് ആവശ്യമായ സാമ്പത്തിക സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന ഏറ്റവും പ്രിയപ്പെട്ട സേവന ദാതാവായി മാറുന്നതിനുള്ള പാതയിലാണു തങ്ങൾ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നിലവിൽ എല്ലാ സോണുകളിലേയും തെരഞ്ഞെടുത്ത ശാഖകളിൽ ലഭ്യമാകുന്ന സേഫ് ലോക്ക് ഗോൾഡ് ലോൺ സൗകര്യം ഈ മാസം അവസാനത്തോടെ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിന്റെ കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന, ഹരിയാന, മഹാരാഷ്ട്ര, ഗുജറാത്ത്, ഡൽഹി, യുപി, ഗോവ, കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരി എന്നിവിടങ്ങളിലുള്ള 840-ൽ പരം ശാഖകളിലും ലഭ്യമാകും.